പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7785 — 23-07-2012 ലെ മറുപടിയ്ക്ക്

# ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം

**ചോദ്യം :** — **ഉത്തരം :**

**ശ്രീ.പി.ഉബൈദുള്ള** — **ശ്രീ. കെ.എം.മാണി**
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സർക്കാർ വകുപ്പുകളിലും മന്ത്രാലയങ്ങളിലും ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട് |
| (ബി) | സർക്കാരിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി പരിശോധിക്കുന്നതിനും വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റിംഗ് ക്രിയാത്മകമായി നടപ്പാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഇന്റേണൽ ഓഡിറ്റിംഗ് ക്രിയാത്മകമായി നടപ്പാക്കുന്നതിന് വകുപ്പുകളുടെ ഇന്റേണൽ ഓഡിറ്റിംഗ് വിഭാഗത്തിന്റെ ചുമതലകളും നടപടി ക്രമങ്ങളും പരിശോധനാ രീതികളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ കാലാകാലങ്ങളിൽ ഇറക്കിയ ഉത്തരവുകളും ഉൾകൊള്ളിച്ചുകൊണ്ട് ഏറ്റവും ഒടുവിലായി 2008 ൽ ഒരു കൈപുസ്തകം പുറപ്പെടുവിച്ച് എല്ലാ വകുപ്പുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം റാൻഡം രീതിയിൽ വിവിധ ജില്ലകളിലെ വിവിധ വകുപ്പുകളിൽ പരിശോധനയും നടത്തിവരുന്നുണ്ട്. |
| (സി) | ഓരോ സാമ്പത്തിക വർഷാവസാനത്തിലും ഓഫീസുകളിൽ കൃത്യമായി ഇന്റേണൽ ഓഡിറ്റിംഗ് നടത്തി വിവരം വകുപ്പ് മേധാവികളെ അറിയിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ? | ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**